# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 112 28.11.2018 ൽ മറുപടിക്ക്

## ആൾക്കൂട്ട ആക്രമണങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ടി.എ.അഹമ്മദ് കബീർ | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) രാജ്യത്തെമ്പാടും ഭരണസ്വാധീനത്തിൽ നടക്കുന്ന ആൾക്കൂട്ട ആക്രമണങ്ങൾ അടുത്തിടെയായി അതേ വിഭാഗക്കാരുടെ മേൽനോട്ടത്തിൽ സംസ്ഥാനത്തും അരങ്ങേറുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ആൾക്കൂട്ട ആക്രമണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ അത്തരക്കാരുടെ ആക്രമണങ്ങൾ സർക്കാർ കണ്ടില്ലെന്ന് നടിക്കുന്നത് നാടിന്റെ സംസ്കാരത്തിന് വരുത്തിവച്ചേക്കാവുന്ന തകർച്ച മുന്നിൽ കാണുന്നുണ്ടോ; | (ബി) ഇത്തരം ആക്രമണങ്ങളുടെ ഗൗരവം ഉൾക്കൊണ്ട് ക്രമസമാധാന ലംഘനത്തിൽ ഏർപ്പെടുന്നവർക്കെതിരെ കർശനമായ നിയമനടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) എങ്കിൽ അടുത്തിടെയായി സംസ്ഥാനത്ത് വ്യാപകമായി ഇത്തരക്കാർ നിയമം കൈയ്യിലെടുക്കുന്നതും ആരാധനാലായങ്ങളുടെ നിയന്ത്രണം ഏറ്റെടുത്ത് വരുന്നതും ഇതര വിഭാഗക്കാരെയും ഇതിന് പ്രേരിപ്പിക്കുന്നതും കണക്കിലെടുത്ത് ആവശ്യമായ സമാധാനാന്തരീക്ഷം നിലനിർത്തുന്നതിന് ക്രിയാത്മകമായ നടപടികൾ സ്വീകരിക്കുമോ? | (സി) നാടിന്റെ സമാധാന അന്തരീക്ഷത്തിന് പോറലേൽപ്പിക്കുന്ന ഏതു പ്രവർത്തനങ്ങളേയും സർക്കാർ വളരെ ഗൗരവത്തിൽത്തന്നെ കാണുകയും ശക്തമായ നിയമനടപടികൾ സ്വീകരിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ